(ഇ) ലോകബാങ്കിന്റെ സാമ്പത്തികസഹായത്തോടെ നടപ്പിലാക്കിയ കേരള വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ പ്രോജക്ടിൽ ഉൾപ്പെട്ട കേരള അർബൻ ഡവലപ്പ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയാണ് തിരുവനന്തപുരം നഗരത്തിലെ ഡ്രെയിനേജ് സംവിധാനത്തിന്റെ നവീകരണ വിപുലീകരണ പദ്ധതിയുടെ റിപ്പോർട്ട് തയ്യാറാക്കിയത്. റിപ്പോർട്ട് തയ്യാറാക്കികഴിഞ്ഞപ്പോൾ ലോകബാങ്ക് ധനസഹായം നൽകാൻ മുന്നോട്ടുവന്നില്ല. അതുകൊണ്ട് അതിന്മേൽ തീരുമാനമൊന്നും ഗവൺമെന്റ് തലത്തിൽ എടുത്തിട്ടില്ല.

(എഫ്) ഉണ്ട്. ലോകബാങ്ക് ധനസഹായം നൽകാൻ മുന്നോട്ടുവരാത്തതിനാൽ ഹഡ്കോയുടെ വായ്പ ലഭ്യമായി പദ്ധതി മുമ്പോട്ടുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നു. ഇപ്പോഴത്തെ നിലവാരമനുസരിച്ച് തിരുവനന്തപുരം നഗരത്തിലെ ഡ്രെയിനേജ് പദ്ധതിയുടെ നവീകരണത്തിനായി 836 ലക്ഷം രൂപയുടെ ഒരു റിപ്പോർട്ട് തയ്യാറാക്കി ഹഡ്കോയുടെ വായ്പക്കായി അപേക്ഷിച്ചിട്ടുണ്ട്. വായ്പ ലഭ്യമാകുന്ന മുറയ്ക്ക് അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ ഏകീകരണം

14 (*371) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമതലത്തിൽ സാംസ്ക്കാരിക പ്രവർത്തനങ്ങൾ ഏകീകരിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്തുകൾക്ക് എന്തെങ്കിലും പരിപാടിയുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതേപ്പറ്റി വിശദീകരിക്കാമോ ;

(ഡി) നാടൻകലകളുടെ പുനരുദ്ധാരണത്തിനായി ഗവൺമെന്റ് എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ)

(എ) സാംസ്ക്കാരിക പ്രവർത്തനങ്ങൾ ഗ്രാമതലത്തിൽ ഏകീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പിന്റെ കീഴിലുള്ള മുഴുവൻ സാംസ്ക്കാരിക സ്ഥാപനങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ ബഹുജനപങ്കാളിത്തത്തോടെ, കേരളീയം സാംസ്ക്കാരികോത്സവം തുടങ്ങിയ കൂട്ടായ്മകൾക്ക് തുടക്കം കുറിച്ചു. കൂടാതെ സെമിനാറുകൾ, സംവാദങ്ങൾ, ചിത്രശിൽപ്പപ്രദർശനങ്ങൾ, കവിയരങ്ങുകൾ, സാഹിത്യ പഠനക്യാമ്പുകൾ, പുസ്തകപ്രസിദ്ധീകരണം, കലാപ്രദർശനങ്ങൾ, ഗ്രാമപ്രദേശങ്ങളിൽ എഴുത്തുകാരുടേയും കലാകാരന്മാരുടേയും ഒത്തുചേരൽ, നാടൻ കലാമേള, ഫോക്ക്ലോർ പ്രഭാഷണം, "പൈതൃക സംരക്ഷണം" നിയമ നിർമ്മാണം എന്ന വിഷയത്തെ അധികരിച്ച് ദേശീയ സെമിനാർ തുടങ്ങിയ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഉണ്ട്. ജില്ലാ പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ സെമിനാറുകൾ, ശിൽപ്പശാലകൾ, നാടൻകലാമേളകൾ സാഹിത്യകലാപഠന ക്യാമ്പുകൾ, സംവാദങ്ങൾ, ഡോക്യുമെന്ററി നിർമ്മാണം, കവിയരങ്ങുകൾ, പുസ്തകപ്രസിദ്ധീകരണം എന്നിവ നടപ്പിലാക്കുന്നുണ്ട്. ജനകീയാസൂത്രണ പദ്ധതികളിൽപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ശേഖരിക്കപ്പെടുന്ന പൈതൃക വസ്തുക്കൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും അവ ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെ സ്ഥാപിക്കപ്പെടുന്ന ജില്ലാതല മ്യൂസിയങ്ങളിൽ ശാസ്ത്രീയമായി വിന്യസിക്കുന്നതിനും പുരാവസ്തുവകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നാടൻ കലകളുടെ പുനരുദ്ധാരണത്തിനായി കണ്ണൂർ ആസ്ഥാനമായി രൂപം കൊടുത്ത നാടൻകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ നാടൻ കലാമേളകൾ, നാടൻ കലാകാരന്മാർക്ക് അവാർഡുകൾ, നാടൻ കലകൾ അഭ്യസിക്കുന്ന കുട്ടികൾക്ക് സ്റ്റൈപന്റ്, നാടൻ കലകളിൽ യുവാക്കൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള ശിൽപ്പശാലകൾ, നാടൻ കലാകാരന്മാർക്ക് രോഗ ചികിത്സാ സഹായം, കലാകാരപെൻഷൻ എന്നീ പദ്ധതികളും നടപ്പിലാക്കി കൊണ്ടിരിക്കുന്നു.

ഗ്രാമീണ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി വിൽപ്പനമേളകൾ

15 (*372) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എം. പി. വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ ജില്ലകളിലും മാസംതോറും വിൽപ്പനമേളകൾ സംഘടിപ്പിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ ഇതിനകം വിൽപ്പനമേളകൾ നടത്തി എന്ന് വെളിപ്പെടുത്തുമോ ;

(സി) മുൻഗണനാക്രമത്തിൽ പ്രസ്തുത പദ്ധതി മറ്റേതെല്ലാം ജില്ലാ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഗ്രാമീണ ഉൽപ്പാദകർക്ക് നല്ല വില ലഭ്യമാക്കാൻ ജില്ലാ വിൽപ്പനമേളകൾകൊണ്ട് സാധിക്കുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ജില്ലാ വിൽപ്പനമേളകൾ വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) ഗ്രാമീണ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ ജില്ലകളിലും മാസംതോറും വിൽപ്പനമേളകൾ സംഘടിപ്പിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നാൽ ഓണക്കാലത്ത് ജില്ലാകേന്ദ്രങ്ങളിൽ വിൽപ്പനമേളകൾ സംഘടിപ്പിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly